SAMAGRA PLUS

# ANNUAL EXAMINATION 2024-25
# PRACTICE QUESTION PAPER
# CHEMISTRY

**Time :1.30 Hrs** **STD IX** **Score : 40**

1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം (4 x 1 =4)

1. ആധുനിക ആവർത്തന നിയമമനുസരിച്ച് മൂലകങ്ങളുടെ രാസഗുണങ്ങളും ഭൗതികഗുണങ്ങളും അവയുടെ ------- ന്റെ ആവർത്തനഫലങ്ങളാണ്. 1

2. താഴെതന്നിരിക്കുന്നതിൽ സമീകൃതസമവാക്യം ഏത്? 1

   a. $Mg + O_2 \rightarrow MgO$ b. $Mg + O_2 \rightarrow 2MgO$

   c. $2Mg + O_2 \rightarrow MgO$ d. $2Mg + O_2 \rightarrow 2MgO$

3. $NaCl + AgNO_3 \rightarrow AgCl + NaNO_3$ ഇത് ഏത് തരം രാസപ്രവർത്തനമാണ്? 1

   a. സംയോജന രാസപ്രവർത്തനം b. വിഘടന രാസപ്രവർത്തനം

   c. ആദേശ രാസപ്രവർത്തനം d. ദ്വിവിഘടന രാസപ്രവർത്തനം

4. പഞ്ചസാര ലായനിയെസംബന്ധിച്ച ശരിയായ പ്രസ്താവന ഏത്? 1

   a. ഏകാത്മക മിശ്രിതം ആണ്. b. ഇത് ഖരലായനി ആണ്

   c. ഇതിലെ ലായകം ഖരം ആണ് d. ഇത് എപ്പോഴും ഒരു പൂരിത ലായനി ആണ്

5. നൈട്രജൻ ഡൈഓക്സൈഡ് മഴവെള്ളത്തിൽ ലയിക്കുമ്പോൾ ------------ ലഭിക്കുന്നു. 1

6 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം . (4 x 2 =8)

6. $^{27}_{13}Al$ ന്റെ ഓർബിറ്റ് ഇലക്ട്രോൺ വിന്യാസം ചിത്രീകരിക്കുക. 2

7. Mg (അറ്റോമിക നമ്പർ 12) ഇലക്ട്രോൺവിന്യാസം എഴുതുക. 2
   ഇത് പീരിയോഡിക് ടേബിളിൽ ഏത് ഗ്രൂപ്പിലും പീരിയഡിലും ഉൾപ്പെടുന്നു എന്ന് കണ്ടെത്തുക.

8. അമോണിയം ക്ലോറൈഡിന്റെയും സോഡിയം ഹൈഡ്രോക്സൈഡിന്റെയും ലായനികൾ ഒരു ടെസ്റ്റ് ട്യൂബിൽ എടുത്ത് ചൂടാക്കുന്നു. 2
   a. ഏത് വാതകമാണ് ഉത്പാദിപ്പിക്കുന്നത്?
   b. താപനില വർദ്ധിക്കുമ്പോൾ ഒരു രാസപ്രവർത്തനത്തിന്റെ നിരക്ക് വർദ്ധിക്കുന്നത് എന്തുകൊണ്ട്?

9. പൊട്ടാസ്യം പെർമാംഗനേറ്റ് ഒരു ബോയിലിംഗ് ട്യൂബിൽ ചൂടാക്കുന്നു. 2
   a. എരിയുന്ന ഒരു തീപ്പെട്ടിക്കൊള്ളി ബോയിലിംഗ് ട്യൂബിന്റെ ഉള്ളിലേക്ക് കടത്തി വെക്കുന്നു. എന്ത് സംഭവിക്കും?
   b. ഏത് വാതകമാണ് ഉത്പാദിപ്പിച്ചത്?

10. അരോമാറ്റിക് ഹൈഡ്രോകാർബണിന് ഒരു ഉദാഹരണം എഴുതുക. 2
ഇതിന്റെ തന്മാത്രാസൂത്രം എഴുതുക.

11 മുതൽ 15 ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം . (4 x 3 =12)

11. P, Q, R എന്നീ മൂലകങ്ങളുടെ ഇലക്ട്രോൺ വിന്യാസം താഴെ കൊടുത്തിരിക്കുന്നു. (ചിഹ്നങ്ങൾ യഥാർത്ഥമല്ല)

P – 2,8,6 Q – 2,8,1 R – 2,8,8

a ഇവയിൽ ഏറ്റവും സ്ഥിരതയുള്ള മൂലകം ഏതാണ്? 1

b. P, Q എന്നീ മൂലകങ്ങളുടെ വാലൻസികൾ എന്തൊക്കെയാണ്? 1

c. P, Q എന്നിവ കൂടിച്ചേരുമ്പോൾ ഉണ്ടാകുന്ന സംയുക്തത്തിന്റെ രാസസൂത്രം എഴുതുക. 1

12. $C + 4HNO_3 \rightarrow 2H_2O + CO_2 + 4NO_2$

i)ഈ രാസസമവാക്യത്തിൽ കാർബണിന്റെ ഓക്സിഡേഷൻ നമ്പർ കണ്ടെത്തി അടയാളപ്പെടുത്തുക. 1

ii) കാർബൺ ഓക്സീകരണ ആണോ നിരോക്സീകരണമാണോ സംഭവിക്കുന്നത്? 1

iii) ഈ രാസപ്രവർത്തനത്തിലെ ഓക്സീകാരി ഏത്? 1

13. ലബോറട്ടറിയിൽ ക്ലോറിൻ വാതകം തയ്യാറാക്കുന്നതിനെക്കുറിച്ചുള്ള താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

a. ക്ലോറിൻ വാതകം തയ്യാറാക്കാൻ ആവശ്യമായ രാസവസ്തുക്കൾ എന്തൊക്കെയാണ്? 1

b. ക്ലോറിൻ വാതകം ജലത്തിലൂടെ കടത്തിവിട്ടാണ് ശേഖരിക്കുന്നത്. എന്തുകൊണ്ട്? 1

c. ക്ലോറിൻ വാതകം ഗാഢ സൾഫ്യൂറിക് ആസിഡിലൂടെ കടത്തിവിടുന്നു. എന്തുകൊണ്ട്? 1

14. 90 ഗ്രാം ജലത്തിൽ 10 ഗ്രാം ഉപ്പ് ലയിപ്പിച്ചു എന്നിരിക്കട്ടെ, ലായനിയുടെ മാസ് പെർസന്റേജ് കണക്കാക്കുക. 3

15. പ്രകൃതിയിൽ കൽക്കരി രൂപപ്പെടുന്നത് എങ്ങനെ? 1

കൽക്കരിയുടെ ഏതെങ്കിലും രണ്ട് ഉപയോഗങ്ങൾ എഴുതുക. 2

16 മുതൽ 20 ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.4 സ്കോർ വീതം . (4 x 4 =16)

16. ചില ലവണങ്ങളുടെ വ്യത്യസ്ത താപനിലയിൽ 100 ഗ്രാം ജലത്തിൽ തയ്യാറാക്കിയ പൂരിത ലായനിയിലെ ലേയത്വം താഴെ പട്ടികയിൽ തന്നിരിക്കുന്നു.

| ലീനം | താപനില °C – ലേയത്വം (g/100g ജലം) | | | | |
|---|---|---|---|---|---|
| | 10°C | 20°C | 40°C | 60°C | 80°C |
| പൊട്ടാസ്യം നൈട്രേറ്റ് ($KNO_3$) | 21 | 32 | 62 | 106 | 167 |
| സോഡിയം ക്ലോറൈഡ് (NaCl) | 36 | 36 | 36 | 37 | 37 |
| അമോണിയം ക്ലോറൈഡ് ($NH_4Cl$) | 24 | 37 | 41 | 55 | 66 |

a. കുറഞ്ഞ താപനിലയിൽ ഏറ്റവും കൂടുതൽ ലേയത്വം കാണിക്കുന്ന ലവണം ഏത്?1

b. താപനില വർധിക്കുമ്പോൾ ,ലേയത്വത്തിൽ ഉണ്ടാകുന്ന മാറ്റമെന്ത്? 1

c. 40°C ൽ 50g ജലത്തിൽ പൊട്ടാസ്യം നൈട്രേറ്റിന്റെ ഒരു പൂരിത ലായനി തയ്യാറാക്കാൻ ആവശ്യമായ ലീനത്തിന്റെ അളവെത്ര? 1

d. പട്ടികയിൽ കൊടുത്ത ലവണങ്ങളിൽ താപനില മാറുന്നതിനനുസരിച്ച് ലേയത്ത്തിൽ വലിയ വ്യത്യാസമില്ലാത്ത ലവണം ഏത് 1

17. a. കാർബണിന്റെ നാലു ക്രിസ്റ്റലീയ രൂപാന്തരങ്ങൾ ഏതെല്ലാം? 2

b. ഇതിലെ വൈദ്യുത ചാലകങ്ങളായ രൂപാന്തരങ്ങൾ ഏതെല്ലാം? 1

c. സ്നേഹകമായി ഉപയോഗിക്കാവുന്ന രൂപാന്തരം ഏത്? 1

18. ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്നതുകൊണ്ടുള്ള രണ്ടു മേന്മകളും രണ്ടു പരിമിതികളും എഴുതുക. 4

19. ഏതാനും ഹൈഡ്രോകാർബണുകളുടെ തന്മാത്ര സൂത്രം ചുവടെ നൽകിയിരിക്കുന്നു.

$C_3H_8$, $C_4H_8$, $C_4H_{10}$, $C_3H_6$

a. ഇതിൽ ആൽകെയ്നുകൾ ഏതെല്ലാം? 1

b. ആൽകീനുകളുടെ പൊതു രാസവാക്യം എന്ത്? 1

c. നാലു കാർബൺ ആറ്റങ്ങൾ ഉള്ള ആൽക്കൈനിന്റെ തന്മാത്രാസൂത്രം എഴുതുക. 1

d. ഈ ആൽക്കൈനിന്റെ പേരെന്ത്? 1

20. a. $C_6H_{12}$ എന്ന തന്മാത്രാസൂത്രമുള്ള വലയസംയുക്തത്തിന്റെ ഘടനാവാക്യം എഴുതുക. 1

b. ഇതേ തന്മാത്രാസൂത്രമുള്ള ഓപ്പൺ ചെയ്ൻ ഹൈഡ്രോകാർബണിന്റെ കണ്ടൻസ്ഡ് ഫോർമുല എഴുതുക. 1

c. ഈ രണ്ടു സംയുക്തങ്ങളുടെയും പേരെഴുതുക. 2

*********************

SAMAGRA

## മൂല്യനിർണ്ണയ സൂചകങ്ങൾ

### Annual examination scoring key chemistry malayalam

| Q No | S Q NO | Key point | Score | Total |
|---|---|---|---|---|
| 1 | - | അറ്റോമിക നമ്പറിന്റെ | 1 | 1 |
| 2 | - | $2Mg + O_2 \rightarrow 2MgO$ | 1 | 1 |
| 3 | - | ദ്വിവിഘടന രാസപ്രവർത്തനം | 1 | 1 |
| 4 | - | ഏകാത്മക മിശ്രിതം ആണ്. | 1 | 1 |
| 5 | - | $HNO_3$ | 1 | 1 |

പരമാവധി 4 സ്കോർ

| Q No | S Q NO | Key point | Score | Total |
|---|---|---|---|---|
| 6 | |  | | 2 |
| 7 | a) | ഇലക്ട്രോൺവിന്യാസം 2,8,2 | 1 | 2 |
| | b) | പിരിയഡ് 3 ഗ്രൂപ്പ് 2 | ½+½ | |
| 8 | a) | അമോണിയ | 1 | 2 |
| | b) | ചൂടാക്കുമ്പോൾ കണികകളുടെ ഗതികോർജ്ജം വർദ്ധിക്കുന്നു / ത്രെഷോൾഡ് എനർജി കൈവരിച്ച തന്മാത്രകളുടെ എണ്ണം കൂടുന്നു / ഫലവത്തായ കൂട്ടിമുട്ടലുകളുടെ എണ്ണം കൂടുന്നു (ഏതെങ്കിലും ഒന്ന്) | 1 | |
| 9 | a) | തീപ്പെട്ടിക്കൊള്ളി കത്തുന്നു | 1 | 2 |
| | b) | ഓക്സിജൻ | 1 | |
| 10 | a) | ബെൻസീൻ/ നാഫ്തലീൻ | 1 | 2 |
| | b) | ശരിയായ ഘടനയ്ക്ക് | 1 | |

പരമാവധി 8 സ്കോർ

| Q No | S Q NO | Key point | Score | Total |
|---|---|---|---|---|
| 11 | a) | R - 2,8,8 / R | 1 | 3 |
| | b) | P സംയോജകത 2 Q സംയോജകത 1 | ½+½ | |
| | c) | $Q_2P$ | 1 | |
| 12 | a) | $C^{0} + 4HNO_3 \rightarrow 2H_2O + C^{+4}O_2 + 4NO_2$ | ½+½ | 3 |
| | b) | ഓക്സീകരണം | 1 | |
| | c) | $HNO_3$ | 1 | |

SAMAGRA

| | | | | |
|---|---|---|---|---|
| 13 | a | $KMnO_4$ ഉം HCl ഉം | ½+½ | 3 |
| | b | ക്ലോറിൻ വാതകത്തോടൊപ്പം പുറത്തുവരുന്ന ഹൈഡ്രജൻ ക്ലോറൈഡ് നീക്കം ചെയ്യാൻ . | 1 | |
| | c | ക്ലോറിൻ വാതകത്തോടൊപ്പം പുറത്തുവരുന്ന ജലബാഷ്പത്തെ നീക്കം ചെയ്യാൻ | 1 | |
| 14 | | ലായനിയുടെ മാസ്സ് = 100g<br>മാസ്സ് പെർസന്റേജ് = ലീനത്തിന്റെ മാസ്സ് / ലായനിയുടെ മാസ്സ് x 100<br>10/100 x100= 10% | 1<br>1<br>1 | 3 |
| 15 | a) | വർഷങ്ങൾക്ക് മുൻപ് മണ്ണിൽ അകപ്പെട്ട സസ്യാവശിഷ്ടങ്ങളിൽ നടക്കുന്ന കാർബണൈസേഷന്റെ (carbonisation) ഫലമായാണ് കൽക്കരി ഉണ്ടാകുന്നത്. | 1 | 3 |
| | b) | ഗാർഹിക, വ്യാവസായിക ഇന്ധനമായി ഉപയോഗിക്കുന്നു.<br>കോക്ക് (coke), കോൾട്ടാർ (coal tar), കോൾഗ്യാസ് (coal gas) എന്നിവയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നു. ( മറ്റേതെങ്കിലും ശരിയായ രണ്ടുപയോഗങ്ങൾ ) | 1+1 | |

Max 12 Score

| | | | | |
|---|---|---|---|---|
| 16 | a | സോഡിയം ക്ലോറൈഡ് (NaCl) | 1 | 4 |
| | b | വർദ്ധിക്കുന്നു | 1 | |
| | c | 31g | 1 | |
| | d | സോഡിയം ക്ലോറൈഡ് (NaCl) | 1 | |
| 17 | a | വജ്രം ,ഗ്രാഫൈറ്റ് ,ഗ്രഫീൻ ,ഫുള്ളറീൻ | ½ x 4 | 4 |
| | b | ഗ്രാഫൈറ്റ് ,ഗ്രഫീൻ | ½+½ | |
| | c | ഗ്രാഫൈറ്റ് | 1 | |
| 18 | | മേന്മകൾ<br>ഹൈഡ്രജൻ വായുവിൽ ജ്വലിക്കുന്നതിന്റെ ഫലമായി ജലം മാത്രം ഉണ്ടാകുന്നതിനാൽ മലിനീകരണ സാധ്യത വളരെ കുറവാണ്. | 1 | 4 |
| | | ഉയർന്ന കലോറിക മൂല്യം | 1 | |
| | | പരിമിതികൾ<br>ഹൈഡ്രജൻ സ്ഫോടനത്തോടെ കത്തുന്ന വാതകമാണ്. | 1 | |
| | | സംഭരിച്ച് വയ്ക്കുന്നതിനും വിതരണം ചെയ്യുന്നതിനും പ്രയാസമാണ്. | 1 | |
| 19 | a) | $C_3H_8$, $C_4H_{10}$ | ½+½ | 4 |

| | | | | |
|---|---|---|---|---|
| | b) | $C_nH_{2n}$ | 1 | |
| | c) | $C_4H_6$ | 1 | |
| | d) | ബ്യൂട്ടൈൻ | 1 | |
| 20 | a) |  | 1 | 4 |
| | b) | $CH_2=CH-CH_2-CH_2-CH_2-CH_3$ | 1 | |
| | c) | a) സൈക്ലോഹെക്സെയ്ൻ b) ഹെക്സീൻ | 1+1 | |

പരമാവധി 16 സ്കോർ

SAMAGRA